കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

# ഐ & പി.ആർ.ഡി. ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : യു.വി. ജോസ് ഐ.എ.എസ്., ഡയറക്ടർ)

---

നമ്പർ ഡി3/15/2020/ഐ & പി.ആർ. തീയതി: 28-02-2020

വിഷയം: ലൈഫ് മിഷൻ വഴി സംസ്ഥാനസർക്കാർ നിർമ്മിച്ച വീടുകളുടെ പൂർത്തീകരണം –പ്രചാരണപ്രവർത്തനങ്ങൾക്കു വിനിയോഗിക്കാനുള്ള ക്രിയേറ്റീവ് (ഹ്രസ്വചിത്രം/പരസ്യചിത്രം) നിർമ്മാണം -ശ്രീ ടി.കെ. രാജീവ് കുമാറിന് ആറു ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ച ഉത്തരവ് റദ്ദാക്കിക്കൊണ്ടും അഞ്ചു ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ചും ഉത്തരവാകുന്നു.

സൂചന : (1) ) 2020 ഫെബ്രുവരി 18ന് വകുപ്പിൽ ലഭിച്ച, ശ്രീ ടി.കെ. രാജീവ് കുമാറിന്റെ പ്രൊപ്പോസൽ.
(2) ലൈഫ് മിഷൻ വഴി നിർമ്മിച്ച രണ്ടു ലക്ഷം വീടുകളുടെ പൂർത്തീകരണപ്രഖ്യാപനവുമായി ബന്ധപ്പെട്ട് 2020 ഫെബ്രുവരി 19ന് ഐ & പി.ആർ വകുപ്പ് ഡയറക്ടറേറ്റിൽ നടന്ന യോഗതീരുമാനം.
(3) 24-2-2020ലെ ഇതേ നമ്പർ നടപടിക്രമം.
(4) 26-2-2020ലെ ഇതേ നമ്പർ നടപടിക്രമം.
(5) 28-2-2020ലെ സ.ഉ.(സാധാ) നം. 27/2020/ഐ& പി.ആർ. ഉത്തരവ്
(6) ഇലക്ട്രോണിക് മീഡിയ പരസ്യങ്ങളുടെ കോസ്റ്റ് കമ്മിറ്റി സംബന്ധിച്ച 29-5-2019ലെ സ.ഉ. (സാധാ) നം 85/2019/ഐ.& പി.ആർ. ഉത്തരവ്.

ലൈഫ് മിഷൻ വഴി സംസ്ഥാനസർക്കാർ നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി ഹ്രസ്വചിത്രമായും പരസ്യചിത്രമായും വിനിയോഗിക്കേണ്ട ക്രിയേറ്റീവ് നിർമ്മിക്കുന്നതിന് പ്രശസ്തചലച്ചിത്രസംവിധായകൻ ശ്രീ ടി.കെ. രാജീവ് കുമാറിനെ സൂചന (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രിയേറ്റീവ് നിർമ്മാണത്തിനായി 8,00,000 രൂപ (എട്ടു ലക്ഷം രൂപ) രൂപ അഡ്വാൻസ് അനുവദിക്കണമെന്ന് ശ്രീ ടി.കെ. രാജീവ് കുമാർ രേഖാമൂലം ആവശ്യപ്പെടുകയും അംഗീകരിച്ച പ്രൊപ്പോസൽ തുകയായ 12 ലക്ഷം രൂപയുടെ (പന്ത്രണ്ടു ലക്ഷം രൂപ മാത്രം) 50% ആയ 6,00,000 രൂപ അഡ്വാൻസ് അനുവദിച്ചുകൊണ്ട് സൂചന (4) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി. എല്ലാ നികുതികളും ഉൾപ്പെടെ 12,00,000 രൂപയ്ക്ക് വിവിധ ഫോർമാറ്റിലും ദൈർഘ്യത്തിലും ക്രിയേറ്റീവുകൾ നിർമ്മിച്ചു നൽകാനാണ് സൂചന (3) ഉത്തരവ്. ഈ സാഹചര്യത്തിൽ സൂചന (4) നടപടിക്രമം റദ്ദാക്കിക്കൊണ്ടും സൂചന (5) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5,00,000 രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) ശ്രീ ടി. കെ. രാജീവ് കുമാറിന് അഡ്വാൻസ് ആയി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു. അവശേഷിക്കുന്ന തുക സംബന്ധിച്ച തീരുമാനം സൂചന (6)ൽ പരാമർശിച്ച കോസ്റ്റ് കമ്മിറ്റിയുടെ വിലയിരുത്തലിനു വിധേയമായിരിക്കും.

ഇലക്ട്രോണിക് മീഡിയ പരസ്യത്തിനുള്ള 2220-60-101-97-02 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് അഡ്വാൻസ് തുക നല്കേണ്ടതാണ്. തുക ശ്രീ ടി.കെ. രാജീവ് കുമാറിന്റെ ഇതോടൊപ്പമുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (അനുബന്ധം) ക്രെഡിറ്റ് ചെയ്യണം.

മറ്റു നിബന്ധനകൾ ചുവടെ:

1. നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങും മുമ്പ് വകുപ്പ് ഡയറക്ടറുമായോ ഡയറക്ടർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനുമായോ ശ്രീ ടി.കെ. രാജീവ് കുമാർ കരാറിൽ ഏർപ്പെടണം.

(....2)

2. ഗഡുക്കളായി അനുവദിക്കുന്ന തുക, നിർമ്മാണം പൂർത്തിയാക്കിയ ശേഷം കോസ്റ്റ് കമ്മിറ്റി യുടെ ശുപാർശ പ്രകാരമുള്ള തുക അനുവദിക്കുമ്പോൾ ക്രമീകരിക്കണം.

3. കൈപ്പറ്റുന്ന തുകയുടെ വിനിയോഗം, ബാധ്യത എന്നിവ സംബന്ധിച്ച് സംവിധായകൻ സത്യവാങ്മൂലം നൽകണം.

4. റഫ് കട്ട് അംഗീകാരം ലഭിക്കുന്നതിന് വകുപ്പ് ഡയറക്ടർ/സെലക്റ്റ് കമ്മിറ്റി നൽകുന്ന നിർദ്ദേശങ്ങൾ സംവിധായകൻ പാലിക്കേണ്ടതാണ്.

യു.വി. ജോസ് ഐ.എ.എസ്.
ഡയറക്ടർ

സ്വീകർത്താവ്:
ശ്രീ ടി.കെ. രാജീവ് കുമാർ
വി.എച്ച്. 130, അപ്പർ മെറിഡിയൻ റോഡ്,
കുറവൻകോണം, കവടിയാർ പി.ഒ., തിരുവനന്തപുരം

ഉള്ളടക്കം: 1. അനുബന്ധം (ബാങ്ക് അക്കൗണ്ട് വിവരങ്ങൾ)
2. സൂചന (1) പ്രൊപ്പോസലിന്റെ പകർപ്പ്
3. സൂചന (2) യോഗതീരുമാനം സംബന്ധിച്ച മിനുട്സ്
4. സൂചന (3) നടപടിക്രമത്തിന്റെ പകർപ്പ്
5. സൂചന (4) നടപടിക്രമത്തിന്റെ പകർപ്പ്
6. സൂചന (5) സർക്കാർ ഉത്തരവിന്റെ പകർപ്പ്

പകർപ്പ്:
1. അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി), ഐ. & പി.ആർ.ഡി. (തുടർനടപടികൾക്ക്)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ഡെപ്യൂട്ടി സെക്രട്ടറി, ഐ. & പി.ആർ.ഡി. (തുടർനടപടികൾക്ക്)
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
5. ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിങ്ങ് (തുടർനടപടികൾക്ക്)
6. ഡെപ്യൂട്ടി ഡയറക്ടർ, വീഡിയോ ഡോക്യുമെന്റേഷൻ (തുടർനടപടികൾക്ക്)
7. ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി & കൾച്ചർ (തുടർനടപടികൾക്ക്)
8. ഡെപ്യൂട്ടി ഡയറക്ടർ മീഡിയ റിലേഷൻസ് (തുടർനടപടികൾക്ക്)
9. ഇൻഫർമേഷൻ ഓഫീസർ, പരസ്യം & മാർക്കറ്റിങ്ങ് (തുടർനടപടികൾക്ക്)
10. ഇൻഫർമേഷൻ ഓഫീസർ, ഫീൽഡ് പബ്ലിസിറ്റി (തുടർനടപടികൾക്ക്)
11. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾക്ക്)
12. അക്കൗണ്ട്സ് ഓഫീസർ, ഐ. & പി.ആർ.ഡി.
13. സബ് ട്രഷറി ഓഫീസർ സെക്രട്ടേറിയറ്റ് സബ് ട്രഷറി
14. ഐ. & പി.ആർ. - എഫ്. വിഭാഗം (മൂന്നു കോപ്പികൾ, അസ്സൽ ബില്ലുകൾ സഹിതം)
15. ഐ. & പി.ആർ.ഡി. ഡയറക്ടറുടെ സി.എ-യ്ക്ക്
16. ഐ. & പി.ആർ.ഡി. അഡീഷണൽ ഡയറക്ടറുടെ (ജി & എ) സി.എ-യ്ക്ക്
17. കരുതൽ ഫയൽ
18. ഓഫീസ് കോപ്പി

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ